മാതൃഭൂമി 20 October 2016

# ശുചിത്വ ബോധവത്കരണത്തിനായി സിഎംഎഫ്ആർഐയിൽ മനുഷ്യച്ചങ്ങല

**കൊച്ചി:** 'ശുചിത്വ ഭാരതം' ആശയത്തിന്റെ പ്രചാരണാർഥം കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ജീവനക്കാർ നഗരത്തിൽ മനുഷ്യച്ചങ്ങല തീർത്തു. സിഎംഎഫ്ആർഐ നടത്തുന്ന സ്വച്ഛ്ഭാരത് അഭിയാനിന്റെ ഭാഗമായിരുന്നു പരിപാടി. ശാസ്ത്രജ്ഞരടക്കം 500-ഓളം പേർ മനുഷ്യച്ചങ്ങലയിൽ അണിനിരന്നു.

രണ്ടാഴ്ച നീണ്ടുനിൽക്കുന്ന സിഎംഎഫ്ആർഐയുടെ ശുചീകരണ യജ്ഞത്തിൽ ബീച്ചുകൾ, ഹാർബറുകൾ, നഗരങ്ങളിലെ വിവിധ തെരുവുകൾ എന്നിവിടങ്ങളിൽ ജീവനക്കാർ ശുചീകരണം നടത്തും.



പരിസര ശുചീകരണത്തിൽ പൊതുജനങ്ങളെ ബോധവത്കരിക്കുകയെന്ന ലക്ഷ്യത്തോടെ സിഎംഎഫ്ആർഐ നടത്തിയ മനുഷ്യച്ചങ്ങലയിൽ നിന്ന്